Sri. A. P. Udayabhanu: Can you give the average life of a Transport bus?

Sri. C. Kesavan: If you will give me time, I shall discuss it with experts and ascertain it.

Sri. R. K. Ram: May I know the exact amount of the commission ?

Sri. C. Kesavan: I claim notice.

എടത്വാ തകഴി റോഡ്

*വ്യ ൭. (ഫ ൦) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ,—

(എ) എടത്വാ-തകഴി റോഡിന് ഈ വർഷത്തേയ്ക്ക് എത്ര രൂപാ അനുവദിച്ചിട്ടുണ്ട്;

(ബി) ഈ കൊല്ലം പ്രസ്തുത റോഡ് പണി നടന്നിട്ടുണ്ടോ;

(സി) ഈ റോഡ് പണിക്ക് ആകെയുള്ള എസ്റ്റിമേറ്റ് തുക എത്രയാണ്;

(ഡി) എത്ര കാലം കൊണ്ട് പണി പൂർത്തിയാക്കുമെന്നാണ് ഗവൺമെൻറ് ആലോചിക്കുന്നത്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ൪ ൫, ൦ ൦ ൦ രൂപാ.

(ബി) നടന്നിട്ടില്ല.

(സി) ൯,൭ ൫, ൦ ൦ ൦ രൂപാ.

(ഡി) നിശ്ചിത കാലാവധി വ്യവസ്ഥപ്പെടുത്തിയിട്ടില്ല. കഴിയുന്നതും വേഗത്തിൽ പണി പൂർത്തിയാക്കും.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഇക്കൊല്ലം പണി നടത്താമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: എർത്തുവർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. അതിനു വേണ്ട ഡംറർജർ വന്നിട്ടില്ല. അതു പൂർത്തിയായിട്ട് ഈ ജോലി തുടങ്ങുന്നതാണ്.

അമ്പലപ്പുഴ ആശുപത്രി

*൭൭ (ഫ൫) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) അമ്പലപ്പുഴ ആശുപത്രി വാടക കെട്ടിടത്തിൽനിന്നും എന്നാണ് മാറിയത്;

(ബി) മാറിയിട്ടിരിക്കുന്നത് ഏതു കെട്ടിടത്തിലാണ്;

(സി) അമ്പലപ്പുഴ ആശുപത്രിക്കായി പ്രത്യേകം ഒരു കെട്ടിടം ഗവൺമെൻറിൽ നിന്നു പണിയിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത കെട്ടിടത്തിനു എത്ര രൂപ ചെലവായി;

(ഈ) പ്രസ്തുത കെട്ടിടം ഒരു റെസ്റ്റ് ഹൗസായി രൂപാന്തരപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ;

(എഫ്) ഇങ്ങനെ രൂപാന്തരപ്പെടുത്തുന്നിന് എത്ര രൂപാ ചെലവാകും;

(ജി) പുതിയതായി കെട്ടിയ കെട്ടിടത്തിൽ ഒരു ഇഴവനിംഗ് ഡിസ്പെൻസറി ആരംഭിക്കണമെന്നു നിവേദനം ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly